ഭരണഭാഷ-മാതൃഭാഷ

നമ്പർ.400973/GGDC08/GPO/2024/1656/(1)

ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത് ആഫീസ്

ചേങ്ങോട്ടുകാവ്
എടക്കുളം-കൊയിലാണ്ടി.പി.ഓ
കോഴിക്കോട്
Phone No:04962620266
E-mail:chengottukavugp@gmail.com

തീയതി : 22/03/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
സ്ഥിരം അദാലത്ത് ഉപജില്ലാസമിതി, ജോയിൻറ് ഡയറക്ടറുടെ കാര്യാലയം, സിവിൽ സ്റ്റേഷൻ,
കോഴിക്കോട്

സർ,

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - സ്ഥിരം അദാലത്ത് - പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതു സംബന്ധിച്ച്

സൂചന:- ലൈസൻസ് ലഭ്യമാകാത്തതു സംബന്ധിച്ച് ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ വാർഡ് 13ൽ ശ്രീ.മമ്മദ് കോയ, കരിമ്പനക്കൽ, പൊയിൽക്കാവ്, എടക്കുളം എന്നവർ ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിക്കു സമർപ്പിച്ച N/1390/24 നമ്പർ പരാതി.

തദ്ദേശസ്വയംഭരണ വകുപ്പ് - സ്ഥിരം അദാലത്തിലേക്ക്, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ വാർഡ് 13ലെ താമസക്കാരനായ ശ്രീ.മമ്മദ് കോയ, കരിമ്പനക്കൽ, പൊയിൽക്കാവ്, എടക്കുളം എന്നവർ സമർപ്പിച്ച പരാതി പരിശോധിച്ചു.

കോഴിക്കച്ചവടം നടത്തുന്നതിനായി ശ്രീ.മമ്മദ് കോയ, കരിമ്പനക്കൽ എന്നവർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും എന്നാൽ ലൈസൻസ് അനുവദിച്ചില്ല എന്നുമാണ് പരാതിയിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, രേഖകൾ പരിശോധിച്ചതിൽ, ശ്രീ മമ്മദ് കോയ, കരിമ്പനക്കൽ, പൊയിൽക്കാവ്, എടക്കുളം (പി.ഒ) എന്നവർ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്തിലെ വാർഡ് 13 ൽ

കോഴിക്കച്ചവടം നടത്തുന്നതിനുള്ള ലൈസൻസ് അനുവദിക്കുന്നതിനായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചതായി കാണുവാൻ സാധിച്ചില്ല. ലൈസൻസ് ഇല്ലാതെ കോഴി കച്ചവടം നടത്തുന്നതുമായി ബന്ധപ്പെട്ട ശ്രീ മമ്മദ് കോയ എന്നവർക്ക് 15.09.2023 ന KPR ACT 1994 വകുപ്പ് 232 പ്രകാരം നോട്ടീസ് കൊടുത്തിട്ടുള്ളതാണ്.

26/09/2023 തിയ്യതിയിൽ 2023/8276 നമ്പറായി, കെട്ടിട-ക്രമവൽക്കരണത്തിനുള്ള അപേക്ഷ പരാതിക്കാരൻ സമർപ്പിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചു. എന്നാൽ സൈറ്റ് പരിശോധനയിൽ, 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണ ചട്ടങ്ങൾ പാലിക്കാതെയാണ് പ്രസ്തുത നിർമാണം നടത്തിയിരിക്കുന്നത് എന്നാണ് LSGD AE റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അതുപ്രകാരം അപേക്ഷകന് ഈ ഓഫീസിൽ നിന്നും 16.10.23 ന നോട്ടീസ് അയച്ചിട്ടുള്ളതാണ്. ആയതിന് അപേക്ഷകൻ മറുപടി ഒന്നും സമർപ്പിച്ചതായി കാണുന്നില്ല. പ്രസ്തുത കെട്ടിടം ക്രമവൽക്കരിച്ച ഒക്യുപ്പൻസി നേടി ലൈസെൻസ് അനുവദിക്കുന്നതിനു അപേക്ഷ നൽകുന്ന പക്ഷം ആവശ്യമായ പരിശോധന നടത്തി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

പ്രദീപൻ എൻ
സെക്രട്ടറി

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400973/BRMC01/GPO/2023/8276/(1)

ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത് ആഫീസ്
ചേങ്ങോട്ടുകാവ്
എടക്കുളം-കൊയിലാണ്ടി.പി.ഓ
കോഴിക്കോട്
Phone No:04962620266
E-mail:chengottukavugp@gmail.com

തീയതി : 16/10/2023

# നോട്ടീസ്

വിഷയം:- കച്ചവടം/വാണിജ്യം കെട്ടിടങ്ങളുടെ ( ഗ്രൂപ്പ് എഫ്) ക്രമവത്കരണം,നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമില്ലാത്ത കച്ചവടം/വാണിജ്യം കെട്ടിടങ്ങളുടെ ( ഗ്രൂപ്പ് എഫ്) ക്രമവത്കരണ അപേക്ഷ

മേൽ സൂചനയിലെ അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന ന്യൂനത കാണുന്നു. ഈ കത്ത് കിട്ടി 3 ദിവസത്തിനകം അപാകത പരിഹരിച്ച് അപേക്ഷ പുന സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ നിരസിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

1. നിർമാണം നടത്തിയ കെട്ടിടം പ്ലോട്ടിൻറെ തെക്ക വശത്തു കൂടെ കടന്നു പോകുന്ന വഴിയിൽ നിന്നും റൂൾ 23 പ്രകാരമുള്ള അകലം പാലിക്കുന്നില്ല .

2. റൂൾ 26 പ്രകാരം ഫ്രണ്ട് യാർഡ് 3.00 മീറ്റർ ലഭ്യമല്ല

3. റൂൾ 33 പ്രകാരം റൂമിൻറ് ഉയരം 3.00 മീറ്റർ ലഭ്യമല്ല

4. റൂൾ 42 പ്രകാരം റാമ്പ് ലഭ്യമല്ല

5. റൂൾ 76(2)1 പ്രകാരം മഴവെള്ള സംഭരണ സംവിധാനം ലഭ്യമല്ല

6. സമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിൻറെ വിനിയോഗഗണം പാർപ്പിടമായും അപേക്ഷ വാണിജ്യ ആവശ്യത്തിനായും അടയാളപ്പെടുത്തിയിരിക്കുന്നു . ആയതിനു വ്യക്തത വരുത്തേണ്ടതാണ്

പ്രദീപൻ എൻ

സെക്രട്ടറി

സ്വീകർത്താവ്

MEMMAD KOYA

KARIMBANAKKAL MUBARAK MANZIL, EDAKKULAM, 13, Edakkulam-Koyilandy, 673306, Kozhikode, Kerala

Signature Not Verified
Digitally signed by PRADEEPAN N
Date: 2023.10.16 14:47:31 IST
Reason: ILGMS Govt. of kerala